**വ്യക്തിത്വം**

എം. റശീദ്

# സാഹിബിന്റെയും അൽഅമീന്റെയും സംഭാവനകൾ

കേരളീയ മുസ്‌ലിം നവോത്ഥാനത്തിന്റെ സത്യസന്ധമായ ചരിത്രത്തിൽനിന്ന് ഒഴിവാക്കാൻ പറ്റാത്ത ചില വ്യക്തികളും പത്രങ്ങളുമുണ്ട്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ വീരനായകരിൽ ഒരാളായിരുന്ന മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബും അദ്ദേഹത്തിന്റെ *അൽ അമീൻ* പത്രവും ആ കൂട്ടത്തിൽ പെടുന്നു.

## ആദ്യ സംഭാവന

രാഷ്ട്രീയത്തിൽ ഒരു താൽപര്യവുമില്ലാതെ, ഐ.സി.എസ് ആഫീസറാകുക എന്ന സ്വപ്നവും താലോലിച്ച് പുസ്തകപ്പുഴുവായി മുഹമ്മദ് അബ്ദുർറഹ്മാൻ കോഴിക്കോട്ട് കോളേജ് വിദ്യാർഥിയായിക്കഴിഞ്ഞു കൂടുന്ന കാലം. വിദ്യാഭ്യാസപരമായി താൻ ഉയരുന്നതോടൊപ്പം തന്റെ സമുദായവും ഉയരണമെന്ന് ആ യുവാവ് അതിയായി ആഗ്രഹിച്ചു. ഇത് പ്രാവർത്തികമാക്കാൻ വേണ്ടി, ഒഴിവുകാലങ്ങളിൽ സ്വദേശമായ കൊടുങ്ങല്ലൂരിലെ മുസ്‌ലിംകൾക്കിടയിലെ പല പ്രമുഖ വ്യക്തികളുമായി ബന്ധപ്പെട്ടു. മുസ്‌ലിംകൾ ആധുനിക വിദ്യാഭ്യാസം നേടേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അവരെ ബോധ്യപ്പെടുത്തി. ഇതിന്റെ ഫലമായി കൊച്ചിൻ മുസ്‌ലിം എജുക്കേഷനൽ സൊസൈറ്റി എന്നൊരു സംഘടന രൂപീകൃതമായി.

കൊച്ചിൻ മുസ്‌ലിം എജുക്കേഷനൽ സൊസൈറ്റിയുടെ പ്രതിനിധിയെന്ന നിലയിൽ മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ്, അന്നത്തെ കൊച്ചിൻ സ്റ്റേറ്റിന്റെ ദിവാനെ (മുഖ്യമന്ത്രിക്ക് തുല്യമായ പദവി) കണ്ട് ഒരു നിവേദനം സമർപ്പിച്ചു. നിവേദനവുമായി തന്റെ ആഫീസിലേക്ക് കടന്നുവന്ന യുവാവിന്റെ ചുറുചുറുക്കും താൻപോരിമയും അപകർഷബോധം തീണ്ടാതെയുള്ള ഇംഗ്ലീഷ് സംസാരവും ദിവാൻ വിജയരാഘവാചാരിക്ക് 'ക്ഷ' പിടിച്ചു. എല്ലാ മുസ്‌ലിം വിദ്യാർഥിനികൾക്കും മാസം തോറും സ്റ്റൈപ്പന്റും പഠിപ്പിൽ മിടുക്കന്മാരായ മുസ്‌ലിം വിദ്യാർഥികൾക്ക് സ്കോളർഷിപ്പുകളും നൽകാൻ ദിവാൻ കൈയോടെ ഉത്തരവിട്ടു. സർക്കാർ സ്കൂളുകളിൽ അറബി മുൻഷിമാരെ നിയമിക്കണമെന്ന നിവേദകന്റെ ആവശ്യവും അനുവദിക്കപ്പെട്ടു. കേരളീയ മുസ്‌ലിം നവോത്ഥാനത്തിന് അബ്ദുർറഹ്മാൻ സാഹിബിന്റെ ആദ്യത്തെ സംഭാവനയാണിത്. ഇതിന്റെ ഫലമായി കൊച്ചിൻ സ്റ്റേറ്റിലെ അനേകം മുസ്‌ലിം സ്ത്രീ-പുരുഷന്മാർക്ക് വിദ്യാസമ്പന്നരാകാൻ കഴിഞ്ഞു. കുറേ മുസ്‌ലിം വിദ്യാർഥികൾ അറബിഭാഷ നന്നായി പഠിച്ചു. കുറെ അറബിഭാഷാ പണ്ഡിതന്മാർക്ക് സർക്കാർ ജോലിയും ലഭിച്ചു.

## കേരള ജാമിഅഃ

ഇന്ത്യയിലെ ബ്രിട്ടീഷാധിപത്യത്തിനെതിരായ സമരത്തിന്റെ ഭാഗമായി മൗലാനാ മുഹമ്മദലിയും മറ്റും സ്ഥാപിച്ച ദേശീയ വിദ്യാലയമായ ജാമിഅ മില്ലിയ്യയുടെ മാതൃകയിൽ ഒരു വിദ്യാലയം കേരളത്തിലുണ്ടായാൽ അത് മലയാളി മുസ്‌ലിംകളുടെ നവോത്ഥാനത്തിന് വളരെയേറെ സഹായകമാകുമെന്ന് പഠിത്തം ഉപേക്ഷിച്ചു മുഴുവൻ സമയ പൊതുപ്രവർത്തകനായിത്തീർന്ന അബ്ദുർറഹ്മാൻ സാഹിബ് കരുതി. സംസ്ഥാന ഖിലാഫത്ത് കമ്മിറ്റി സെക്രട്ടറിയെന്ന നിലയിൽ അദ്ദേഹം ദേശീയ വിദ്യാലയത്തിന് കേന്ദ്ര ഖിലാഫത്ത് കമ്മിറ്റിയുടെ സഹായം തേടി. സഹായവാഗ്ദാനം ലഭിച്ചപ്പോൾ വടക്കെ മലബാറിലെ വളപട്ടണത്ത് ആരംഭിച്ച ദേശീയ വിദ്യാലയത്തിലേക്ക് കേരളത്തിന്റെ നാനാഭാഗത്തുംനിന്നു മുസ്‌ലിംകുട്ടികൾ വന്നു. 1921-ലെ പ്രതികൂല രാഷ്ട്രീയ സാഹചര്യങ്ങൾ മൂലം ആ വിദ്യാലയം നിലനിർത്തി കേരള ജാമിഅ ആയി വളർത്തിക്കൊണ്ടുവരാനുള്ള അബ്ദുർറഹ്മാൻ സാഹിബിന്റെ ആഗ്രഹം നടന്നില്ല. എങ്കിലും, കുറച്ചു കാലത്തെ പഠനത്തിനുശേഷം മടങ്ങിപ്പോയ വിദ്യാർഥികളിൽ മിക്കവരും താന്താങ്ങളുടെ പ്രദേശങ്ങളിൽ സ്വാതന്ത്ര്യസമരത്തിന്റെ മാത്രമല്ല, മുസ്‌ലിം നവോത്ഥാനത്തിന്റെയും സന്ദേശവാഹകരായിത്തീർന്നു.

## അൽഅമീൻ

മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ് 1924 ഒക്ടോബർ 12-നു കോഴിക്കോട്ടുനിന്ന് പ്രസിദ്ധീകരിക്കാൻ തുടങ്ങിയ *അൽഅമീൻ* പത്രത്തിന്റെ പ്രഖ്യാപിത ലക്ഷ്യം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ജനങ്ങളെ അണിനിരത്തുക മാത്രമായിരുന്നില്ല. മുസ്‌ലിം ബഹുജനങ്ങളെ നവോത്ഥാനത്തിന്റെ പാതയിലേക്ക് ആനയിക്കുക എന്ന കടമകൂടി തന്റെ

പത്രത്തിനുണ്ടെന്ന് സ്ഥാപക പത്രാധിപരായ സാഹിബ് വിശ്വസിച്ചു. *അൽഅമീൻ* പ്രസിദ്ധീകരിക്കും മുമ്പ് 1924 സെപ്റ്റംബർ 16-ന് മറ്റൊരു പത്രം മുഖേന അദ്ദേഹം ചെയ്ത പ്രസ്താവനയിൽ 'സമുദായപരിഷ്കരണത്തെയും രാഷ്ട്രീയ സ്വാതന്ത്ര്യസിദ്ധിയെയും പൊതുജനക്ഷേമത്തെയും ഉദ്ദേശിച്ചാണ് *അൽഅമീൻ* നടത്തുക'യെന്നു പറഞ്ഞിരുന്നു.

'വിജ്ഞാനം എവിടെ കണ്ടാലും അത് തന്റെ കളഞ്ഞുപോയ സ്വത്താണെന്ന് കരുതി നേടുകയാണ് മുസ്ലിമിന്റെ കടമ'യെന്ന നബിവചനം ഇടക്കിടെ ഉദ്ധരിക്കാറുള്ള *അൽഅമീന്റെ* എല്ലാ ലക്കങ്ങളും മതകാര്യങ്ങൾ പഠിക്കുന്നതോടൊപ്പം ആധുനിക വിദ്യാഭ്യാസം നേടുന്നതിന്റെ പ്രാധാന്യത്തെപ്പറ്റി മുസ്ലിംകളെ ബോധവത്കരിക്കാനും ശ്രമിച്ചു.

കേരളത്തിലെ മുസ്ലിംകളിൽ ഭൂരിപക്ഷം പേരും ഇസ്ലാമിക ചര്യയായി തെറ്റിദ്ധരിച്ചിരുന്ന കാത്കുത്ത് (പെൺകുട്ടികളുടെ ഇരു ചെവികളും നിരനിരയായി തുളച്ച് സ്വർണത്തിന്റെയോ വെള്ളിയുടെയോ ചിറ്റുകൾ, തോട എന്നീ ആഭരണങ്ങളിടൽ) കല്യാണം എന്ന അനാചാരത്തെ *അൽഅമീൻ* രൂക്ഷമായെതിർത്തു. ഇസ്ലാമിക സ്പിരിറ്റിനു കടകവിരുദ്ധമായ സ്ത്രീധന സമ്പ്രദായം, ആർഭാടപൂർവമായ കല്യാണാഘോഷങ്ങൾ എന്നിവക്കെതിരെ മുസ്ലിം ബഹുജനങ്ങളെ ബോധവത്കരിക്കാനും *അൽഅമീൻ* ശ്രമിച്ചു. ഖബ്ർ ആരാധന, ചന്ദനക്കുടം പള്ളിയിലേക്ക് എഴുന്നള്ളിക്കൽ, കൊടികുത്ത് നേർച്ച തുടങ്ങി മുസ്ലിംകൾക്കിടയിൽ പടർന്നുപിടിച്ചിരുന്ന അനാചാരങ്ങൾക്കെതിരെ തൂലിക പടവാളാക്കാൻ *അൽഅമീൻ* സാഹചര്യമൊരുക്കിക്കൊടുത്തു.

അബ്ദുർറഹ്മാൻസാഹിബിന്റെ *അൽഅമീൻ* പ്രബോധകൻ മാത്രമല്ല, സംഘാടകനും കൂടിയായിരുന്നു. അനാചാരങ്ങൾക്കും അഴിമതികൾക്കുമെതിരെ *അൽഅമീന്റെ* ആഭിമുഖ്യത്തിൽ പലയിടങ്ങളിലും യുവജനസംഘടനകൾ രൂപീകരിച്ചതും അവ ഫലപ്രദമായി പ്രവർത്തിച്ചതും ഇതിനു തെളിവാണ്.

നടേ പറഞ്ഞ വസ്തുതകളുടെ ഫലമായി *അൽഅമീനെ*യും അതിന്റെ പത്രാധിപരെയും തങ്ങളുടെ നമ്പർ വൺ ശത്രുക്കളായി യാഥാസ്ഥിതിക മുസ്ലിം പ്രമാണിമാർ കരുതി. പത്രത്തെയും പത്രാധിപരെയും നശിപ്പിക്കാൻ അവർ ചതുരുപായങ്ങളും പ്രയോഗിച്ചു. പക്ഷേ, സാഹിബും *അൽഅമീനും* അതെല്ലാം തൃണവത്ഗണിച്ചു. ഈ ധീരതയും ത്യാഗമനോഭാവവും നല്ലൊരു വിഭാഗം മുസ്ലിംകളെ- പ്രത്യേകിച്ച് യുവാക്കളെ-വല്ലാതെ ആകർഷിച്ചു. *അൽഅമീന്റെ* ഉദ്ബോധനങ്ങൾ ഉൾക്കൊണ്ട് നവോത്ഥാന പാതയിലൂടെ ചരിക്കാൻ അതവരെ പ്രേരിപ്പിച്ചു.

എഴുത്തിൽ കമ്പമുള്ള യുവാക്കളെ -മുസ്ലിംകളെയും അമുസ്ലിംകളെയും- കണ്ടെത്തി അവരുടെ സാഹിത്യവാസന വികസിപ്പിക്കേണ്ടത് *അൽഅമീൻ* പത്രത്തിന്റെ പ്രധാന ദൗത്യങ്ങളിലൊന്നായി കരുതി. വെളിയങ്കോട് ടി.കെ മുഹമ്മദ്, പുന്നയൂർക്കുളം വി. ബാപ്പു, ടി. ഉബൈദ്, വക്കം അബ്ദുൽ ഖാദിർ, ടി. മുഹമ്മദ് യൂസുഫ്, വൈക്കം സെയ്തുമുഹമ്മദ്, കെ.സി കോമുക്കുട്ടി മൗലവി, ഡോ. പി മുഹമ്മദലി, മൗലവി മുഹമ്മദ് സ്വാലിഹ് തുടങ്ങി *അൽഅമീനി*ലൂടെ എഴുതിത്തെളിഞ്ഞവരുടെ പട്ടിക ഇനിയും നീണ്ടുപോകുന്നു. ഇ. മൊയ്തു മൗലവിയും മലയാളത്തിലെ നല്ല ഒരെഴുത്തുകാരനായത് *അൽഅമീനി*ലൂടെയാണ്.

മലയാളസാഹിത്യത്തിലെ മാപ്പിളപ്പാട്ട് വിഭാഗത്തെ ഉദ്ധരിക്കാൻ തിരക്കുപിടിച്ച തന്റെ പൊതുജീവിതത്തിനിടയിലും അബ്ദുർറഹ്മാൻ സാഹിബ് സമയം കണ്ടെത്തിയിരുന്നു. എൻ. കുഞ്ഞിക്കമ്മു മാസ്റ്റർ (കൊണ്ടോട്ടി), എം. കുഞ്ഞിബാവ വൈദ്യർ, നൈനാൻ കുട്ടി മാസ്റ്റർ എന്നിവർ രചിച്ച സുന്ദരമായ മാപ്പിളപ്പാട്ടുകൾ *അൽഅമീൻ* പ്രസിദ്ധീകരിച്ചു.

ഇസ്ലാം ചരിത്രം, നബിയും നാല് സഖാക്കളും, ഈമാൻ (തമിഴിൽനിന്നു വിവർത്തനം) തുടങ്ങി ഇസ്ലാമിനെ പഠിക്കാനും പരിചയപ്പെടാനും ഉതകുന്ന അനേകം മലയാള പുസ്തകങ്ങൾ അബ്ദുർറഹ്മാൻ സാഹിബ് മാനേജിംഗ് ഡയറക്ടറായിരുന്ന അൽഅമീൻ കമ്പനി പ്രസിദ്ധീകരിച്ചു.

*അൽഅമീനി*ലൂടെ എഴുത്തുകാരും കവികളുമായ വ്യക്തികളും കേരളീയ മുസ്ലിം നവോത്ഥാനത്തിനു വൻതോതിൽ സഹായകമായി. അതോടൊപ്പം മലയാള ഭാഷയും കൂടുതൽ സമ്പന്നമായി. പ്രസിദ്ധ ചരിത്രകാരനായിരുന്ന പി.എ സെയ്തുമുഹമ്മദ് കേരള മുസ്ലിം ഡയറക്ടറിയിൽ രേഖപ്പെടുത്തിയത് ഇത്തരുണത്തിൽ പ്രസക്തമാണ്: "ഭാഷാ സ്നേഹികൾക്കും വിദ്യാഭ്യാസ പ്രവർത്തകർക്കും *അൽഅമീൻ* വലിയ തോതിൽ പ്രചാരണം നൽകിയിരുന്നു. ഇംഗ്ലീഷ് പദങ്ങളുടെ പരിഭാഷ പദസമ്പത്ത് വളർത്തിക്കൊണ്ടുവന്നതിലും *അൽഅമീന്* വലിയ പങ്കുണ്ട്. പുത്തൻ ശൈലികളും ഭാഷാ സാഹിത്യത്തിലേക്ക് സംഭാവന ചെയ്ത *അൽഅമീ*ന്റെ പിന്നിൽ ഒരു സാംസ്കാരിക മേഖല തന്നെ ഉയർന്നുവന്നിരുന്നു. *അൽഅമീനി*ലൂടെ മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ് എന്ന ധീരോദാത്തനായ രാഷ്ട്രീയ നേതാവിനെയും അതിന്നതീതമായി സ്നേഹവായ്പോടെ പുഞ്ചിരിച്ചു നിൽക്കുന്ന മനുഷ്യസ്നേഹിയായ സാംസ്കാരിക നായകനെയും നമുക്ക് കാണാൻ കഴിയും."

## മതമൗലികവാദി

കേരള മുസ്ലിംകൾക്കിടയിൽ പടർന്നുപിടിച്ചിരുന്ന അനാചാരങ്ങളെ ഇല്ലായ്മ ചെയ്യാനും ആധുനിക വിദ്യാഭ്യാസത്തിന് അവരെ പ്രേരിപ്പിക്കാനും ഗോത്രദുരഭിമാനത്തെ ചൊല്ലിയുള്ള വഴക്കുകളൊഴിവാക്കാനും വേണ്ടി കൊടുങ്ങല്ലൂരിൽ കേരള മു

സ്ലിം ഐക്യ സംഘം എന്ന സംഘടന രൂപമെടുത്തു. 1922-ൽ ഐക്യ സംഘം സ്ഥാപിക്കപ്പെടുമ്പോൾ അബ്ദുർറഹ്മാൻ സാഹിബ് ജയിലിലായിരുന്നു. മോചിതനായ ശേഷം അദ്ദേഹം ഐക്യസംഘത്തെ പലവിധത്തിലും പ്രോത്സാഹിപ്പിച്ചു. സംഘത്തിന്റെ പ്രവർത്തനങ്ങളിൽ ക്ഷുഭിതരായ മുസ്ലിം യാഥാസ്ഥിതികർക്കെതിരെ സാഹിബ് പരസ്യമായി രംഗത്തുവന്നു. *അൽഅമീൻ* പ്രസിദ്ധീകരണമാരംഭിച്ചതു മുതൽ എല്ലാ ലക്കങ്ങളിലും ഐക്യസംഘത്തിന് നല്ല പ്രചാരണം ലഭിച്ചു.

സാഹിബ് ഇസ്ലാമിക മതമൗലികവാദിയായിരുന്നു. ആ കൂട്ടുവാക്കുകൾക്ക് ഇന്ന് ആരോപിക്കപ്പെടുന്ന ദുരർഥത്തിലല്ല; അതിന്റെ ശരിയായ അർഥത്തിൽ. ഐക്യസംഘവുമായുള്ള ഭിന്നിപ്പിന് കാരണവും അതുതന്നെ. ഐക്യസംഘം നേതാവ് കെ.എം സീതിസാഹിബ് മുൻകൈയെടുത്ത് എറണാകുളത്ത് മുസ്ലിം ബാങ്ക് സ്ഥാപിച്ചു. മിതമായ പലിശ വാങ്ങുന്നത് ഹറാം അല്ല എന്ന് ഐക്യസംഘത്തിലെ ചില മൗലവിമാർ ഫത്വയിറക്കി. ഇസ്ലാമിന്റെ മൗലികതത്ത്വങ്ങളിൽനിന്ന് അണുപോലും വ്യതിചരിക്കരുതെന്ന നിർബന്ധക്കാരനായ മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബിന് ഇത് സഹിച്ചില്ല. സമാനമനസ്കരായ എം.സി.സി അബ്ദുർറഹ്മാൻ മൗലവി തുടങ്ങിയവരെ അണിനിരത്തിക്കൊണ്ട് അബ്ദുർറഹ്മാൻ സാഹിബ് നടത്തിയ ആശയസമരത്തിന്റെ ഫലമായി മുസ്ലിം പൊതുജനങ്ങൾ ഒന്നടങ്കം ഐക്യസംഘത്തിനെതിരായി. മുസ്ലിം ബാങ്കിന്റെയും ഐക്യസംഘത്തിന്റെയും പ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ കേരള മുസ്ലിം ഐക്യസംഘം നേതാക്കൾ നിർബന്ധിതരായി.

"അല്ലയോ സത്യവിശ്വാസികളേ, നിങ്ങളുടെ ഉറ്റ ബന്ധുക്കൾക്കോ നിങ്ങളുടെ മാതാപിതാക്കൾക്കോ നിങ്ങൾക്കു തന്നെയോ ദോഷകരമായിരുന്നാൽ പോലും നീതി പാലിച്ച് നിങ്ങൾ ദൈവത്തിൽ സാക്ഷ്യം വഹിക്കുന്നവരായിരിപ്പിൻ"-വിശുദ്ധ ഖുർആനിൽനിന്നുള്ള ഈ വാക്യം *അൽ അമീന്റെ* എല്ലാ ലക്കങ്ങളിലും ഒന്നാം പേജിൽതന്നെ ഉണ്ടായിരിക്കണമെന്ന് മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബിന് നിർബന്ധമായിരുന്നു. അതോടൊപ്പം മറ്റൊരു നിർബന്ധം കൂടി ആ 'മതമൗലികവാദി'ക്കുണ്ടായിരുന്നു. മേൽപറഞ്ഞ ഖുർആൻ വാക്യം അച്ചടിച്ചാൽ മാത്രം പോരെന്നും തന്റെയും തന്റെ പത്രത്തിന്റെയും ജീവിതത്തിൽ അത് പാലിക്കപ്പെടണമെന്നും. മുസ്ലിം ഐക്യസംഘത്തിന്റെ സ്ഥാപകഗാംഗങ്ങളും നേതൃഘടകത്തിൽ പെട്ടവരുമായ പലരും സാഹിബിന്റെ കുടുംബാംഗങ്ങളോ അടുത്ത ബന്ധുക്കളോ ആയിരുന്നു. ഇസ്ലാമിക സിദ്ധാന്തങ്ങൾക്ക് വിരുദ്ധമായിട്ടാണ് അവരുടെ നീക്കമെന്നു ബോധ്യമായപ്പോൾ വരുംവരായ്കകളെപ്പറ്റി തെല്ലും ചിന്തിക്കാതെ അവരെ എതിർക്കാനുള്ള മനക്കരുത്ത് അബ്ദുർറഹ്മാൻ സാഹിബിന് ലഭിച്ചത് നടേ പറഞ്ഞ നിർബന്ധം മൂലമാണ്. ഏതായാലും *അൽഅമീനും* അതിന്റെ പത്രാധിപർക്കും പങ്കാളിത്തമുള്ള മുസ്ലിം ഐക്യസംഘത്തിന്റെ ആദ്യകാല പ്രവർത്തനങ്ങളും ഐക്യസംഘത്തിന്റെ അന്ത്യം കുറിക്കാനിടയാക്കിയ (സാഹിബിന്റെ നേതൃത്വത്തിലുള്ള) ആശയസമരവും കേരളീയ മുസ്ലിം നവോത്ഥാനത്തിന് ആക്കം കൂട്ടിയെന്നത് ഒരു വസ്തുതയാണ്.

വടക്കെ മലബാറിലെ മുസ്ലിം തറവാടുകളിൽ അനിസ്ലാമികമായ മരുമക്കത്തായ സമ്പ്രദായമായിരുന്നു. ഇതിനെതിരെ 'ഇസ്ലാമിക മതമൗലികവാദി'യായ അബ്ദുർറഹ്മാൻ സാഹിബ് മുസ്ലിം മജ്ലിസ്- മുസ്ലിം യുവജനസമ്മേളനങ്ങളിൽ നടത്തിയ പോരാട്ടവും *അൽഅമീനിൽ* വന്ന ലേഖനങ്ങളും ശ്രദ്ധേയമായിരുന്നു. കോഴിക്കോട് നഗരത്തിലെ മുസ്ലിം ഭൂരിപക്ഷ പ്രദേശങ്ങളിൽ 'പഞ്ചായത്ത് മാടം' എന്നൊരു ദുഷിച്ച ഏർപ്പാട് വ്യാപകമായിട്ടുണ്ടായിരുന്നു. പണം വെച്ചുള്ള ചീട്ടുകളി തുടങ്ങിയ പല വേണ്ടാതീനങ്ങളും അവിടെ നടന്നിരുന്നു. യുവാക്കളെയും ബാലന്മാരെയും ചീത്ത മാർഗങ്ങളിലേക്ക് വഴി തെറ്റിച്ചിരുന്ന 'പഞ്ചായത്ത് മാട'ങ്ങൾക്കെതിരെ *അൽഅമീൻ* നിരന്തരമായി നടത്തിയ തൂലികാസമരം ക്രമേണ വിജയിച്ചു.

## ഖുർആൻ തർജമ

മുസ്ലിം നവോത്ഥാനത്തിന്, വിശുദ്ധ ഖുർആൻ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നത് ഒഴിച്ചുകൂടാനാത്തതാണെന്ന് അബ്ദുർറഹ്മാൻ സാഹിബ് കരുതി. ഇതിനുവേണ്ടി പണ്ഡിതന്മാരുടെ ഒരു സംഘം കൂട്ടായി നിർവഹിക്കേണ്ട ബൃഹദ്പദ്ധതി അദ്ദേഹം ആവിഷ്കരിച്ചു. ധാരാളം പണം ആവശ്യമായ ഈ പദ്ധതിയുടെ സാമ്പത്തിക ഭാരം മുഴുവൻ വഹിക്കാമെന്നു വൻ ധനികനായ ഹൈദരാബാദ് നൈസാം സമ്മതിച്ചിരുന്നു. പിന്നീട് കേരളത്തിലെ യാഥാസ്ഥിതിക മുസ്ലിംകളുടെ സമ്മർദം മൂലം നൈസാം സഹായവാഗ്ദാനം പിൻവലിച്ചു. എന്നിട്ടും അബ്ദുർറഹ്മാൻ സാഹിബ് പിന്മാറിയില്ല. പി.കെ മൂസ മൗലവി, പി. മുഹമ്മദ് മൈതീൻ എന്നീ പണ്ഡിതന്മാരെ ഖുർആൻ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്താൻ സാഹിബ് ചുമതലപ്പെടുത്തി. സാമ്പത്തിക വിഷമതകൾ മൂലം ഏതാനും ഭാഗങ്ങൾ മാത്രം വിവർത്തനം ചെയ്തു പ്രസിദ്ധപ്പെടുത്താനേ സാധ്യമായുള്ളൂ. പിൽക്കാലത്ത് ഖുർആന്റെ മലയാളവിവർത്തനത്തിനു വേണ്ടി അത്യധ്വാനം ചെയ്ത ജനാബ് മജീദ് മരക്കാർ കേരള മുസ്ലിം ഡയറക്ടറിയിലെഴുതി: "(ഖുർആൻ) മലയാള പരിഭാഷാവിഷയകമായി മഹത്തായ ഒരു ശ്രമം നടത്തിയ ശേറെ മലബാർ മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബിനെ അനുസ്മരിക്കാതെ ഈ ലേഖനം

പൂർത്തിയാക്കുന്നത് ശരിയായിരിക്കുകയില്ല. കേരള മുസ്‌ലിംകളുടെ ഉദ്ധാരണത്തിനായി മറ്റെല്ലാ തുറകളിലും അദ്ദേഹം ചെയ്തതുപോലെയുള്ള ശ്രമം പരിഭാഷാ വിഷയത്തിലും ചെയ്യാതിരുന്നിട്ടില്ല."

## വിദ്യാഭ്യാസരംഗത്ത്

അനാഥരായ മുസ്‌ലിം കുട്ടികളെ സംരക്ഷിച്ച് വിദ്യാസമ്പന്നരാക്കാൻ ഇക്കാലത്ത് ധാരാളം യത്തീംഖാനകൾ കേരളത്തിലുണ്ട്. മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ് പൊതുപ്രവർത്തനത്തിനിറങ്ങിയ കാലത്ത് ഇതായിരുന്നില്ല സ്ഥിതി. 1921-ലെ മലബാർ കലാപത്തെത്തുടർന്ന് അനേകം മാപ്പിള കുട്ടികൾ അനാഥരായി. അവർക്ക് അഭയം നൽകാൻ ഒരു സ്ഥാപനവും അന്ന് കേരളത്തിലുണ്ടായിരുന്നില്ല. അനാഥ കുട്ടികളെ സംരക്ഷിക്കാൻ ശ്രമിക്കൽ ഒരു മുസ്‌ലിമിന്റെ പ്രാഥമിക കടമകളിലൊന്നാണെന്ന തിരിച്ചറിവുള്ള സാഹിബിന്റെ ഹൃദയം ഈ ദുഃസ്ഥിതിയിൽ വല്ലാതെ വേദനിച്ചു. ഇതിനൊരു പരിഹാരത്തിന് പഞ്ചാബിലെ ഒരു പ്രമുഖ ധനിക കുടുംബത്തിലെ കാരണവരും സ്വാതന്ത്ര്യസമര സേനാനിയും ജംഇയ്യത്തെ ദഅ്‌വത്ത് വ തബ്‌ലീഗെ ഇസ്‌ലാം (ജെ.ഡി.റ്റി ഇസ്‌ലാം) എന്ന സംഘടനയുടെ സ്ഥാപകനുമായ മൗലാനാ അബ്ദുൽ ഖാദിർ ഖസൂരിയുമായി അബ്ദുർറഹ്മാൻ സാഹിബ് നേരിട്ട് ബന്ധപ്പെട്ടു. അതിന്റെ ഫലമാണ് കോഴിക്കോട്ട് വെള്ളിമാട്കുന്നിൽ ഇപ്പോൾ പടർന്നു പന്തലിച്ചുനിൽക്കുന്ന ജെ.ഡി.റ്റി ഇസ്‌ലാം സ്ഥാപനങ്ങൾ. ജെ.ഡി.റ്റിയിലൂടെ ധാരാളം മുസ്‌ലിം അഭ്യസ്തവിദ്യരുണ്ടായി. കേരളത്തിലെ മുസ്‌ലിംനവോത്ഥാനത്തിന് അബ്ദുർറഹ്മാൻ സാഹിബിന്റെ സംഭാവനകളിലൊന്നായി ഇതിനെയും ഉൾപ്പെടുത്താം.

സാഹിബുമായി അടുത്തിടപഴകിയവർ മാത്രം അറിയുന്ന ഒരു വസ്തുതകൂടി രേഖപ്പെടുത്തട്ടെ. ഇന്നത്തെ പോലെ ധാരാളം ഹൈസ്കൂളുകളും കോളേജുകളും സാങ്കേതികവിദ്യാലയങ്ങളും ഇല്ലാതിരുന്ന ആ കാലത്ത് ഗ്രാമങ്ങളിലെ പഠിക്കാൻ താൽപര്യമുള്ള പല മുസ്‌ലിംകുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസത്തിനപ്പുറം കടക്കാൻ വിഷമമായിരുന്നു. ആ ജനുസ്സിൽ പെട്ടവരെ പറ്റി എങ്ങനെയെങ്കിലും അറിഞ്ഞാൽ അവരെ കണ്ടുപിടിച്ച് വിദ്യാലയങ്ങളിൽ ചേർക്കുകയും, സാമ്പത്തിക കഴിവുള്ള തന്റെ അനുയായികളുടെ വീട്ടിൽ താമസ-ഭക്ഷണ സൗകര്യങ്ങൾ ഏർപ്പെടുത്തി കൊടുക്കലും സാഹിബിന്റെ പതിവായിരുന്നു. ഇതിന്റെ ഫലമായി ഉന്നത വിദ്യാഭ്യാസം നേടിയ അനേകം മുസ്‌ലിംകളുണ്ടായി. ഇന്ത്യ ഭരിച്ചിരുന്ന ബ്രിട്ടീഷ് ഗവൺമെന്റിന്റെ നമ്പർ വൺ ശത്രുവായിരുന്ന മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബിനോട് വ്യക്തിപരമായി ആദരവും കൂറും ഉണ്ടായിരുന്ന അനേകം ഉയർന്ന സർക്കാറുദ്യോഗസ്ഥന്മാരുണ്ടായിരുന്നു. ആ ഓഫീസർമാരിൽ മിക്കവർക്കും തങ്ങളുടെ ഓഫീസുകളിലെ കീഴ്ജീവനക്കാരെ നിയമിക്കാൻ അധികാരമുണ്ടായിരുന്നു. സാഹിബ് അവരുമായി ബന്ധപ്പെട്ടതിന്റെ ഫലമായി അനേകം മുസ്‌ലിം സർക്കാറുദ്യോഗസ്ഥന്മാരുണ്ടായി. അവരിലാരെങ്കിലും അഴിമതിയടക്കമുള്ള ജനദ്രോഹത്തിന്റെ പാതയിലേക്ക് നീങ്ങുന്നുണ്ടോ എന്നറിയാൻ സാഹിബ് കണ്ണിലെണ്ണയൊഴിച്ചു കാത്തിരിക്കുമായിരുന്നു. താൻ ഉദ്യോഗം വാങ്ങിച്ചുകൊടുത്ത ആരെങ്കിലും അഴിമതിക്കാരനായാൽ അവരെ ഉദ്യോഗത്തിൽനിന്ന് തെറിപ്പിക്കാനും സാഹിബ് മെനക്കെടാറുണ്ടായിരുന്നു. ടീച്ചേഴ്സ് ട്രെയിനിംഗിന് ആ കാലത്ത് അധ്യാപക-വിദ്യാർഥികളെ തെരഞ്ഞെടുത്തിരുന്നത് ജില്ലാ വിദ്യാഭ്യാസ ഓഫീസറായിരുന്നു. സാഹിബ് അദ്ദേഹത്തെ തക്ക സമയങ്ങളിൽ നേരിട്ട് കണ്ടതിന്റെ ഫലമായി കുറെയേറെ മുസ്‌ലിം അധ്യാപകരുണ്ടായി. ഇന്നത്തെ തലമുറ തെറ്റായി ധരിക്കാതിരിക്കാൻ ഒരു കാര്യം ഇവിടെ എടുത്തു പറയേണ്ടതുണ്ടെന്ന് തോന്നുന്നു. ഉദ്യോഗം വാങ്ങിച്ചുകൊടുക്കാനുള്ള ശ്രമത്തിന് ഇക്കാലത്തെ രാഷ്ട്രീയക്കാരും പൊതുകാര്യ പ്രസക്തരും കണക്കു പറഞ്ഞ് കാശ് വാങ്ങാറുണ്ട്. പക്ഷേ, 'സ്വന്തം സ്വത്തുകൊണ്ട് ദരിദ്രനെ സാന്ത്വനിപ്പിക്കുകയും ശരീരം കൊണ്ട് ജനങ്ങൾക്ക് സേവനം അനുഷ്ഠിക്കുകയും ചെയ്യുന്നവനാണ് സത്യവിശ്വാസി' എന്ന നബിവചനമനുസരിച്ച് ജീവിക്കണമെന്ന് ദൃഢപ്രതിജ്ഞ ചെയ്ത മുഹമ്മദ് അബ്ദുർറഹ്മാൻ സാഹിബ് ഒരൊറ്റ ഉദ്യോഗാർഥിയോടും ഒരു പൈസ പോലും വാങ്ങിച്ചിരുന്നില്ല. ഉദ്യോഗദാതാക്കളായ ഗവൺമെന്റ് ആഫീസർമാർക്ക് കൈക്കൂലി വാങ്ങിച്ചു കൊടുക്കുന്ന ഏർപ്പാടും സാഹിബിനില്ലായിരുന്നു.

ഇത്രയും എഴുതിക്കഴിഞ്ഞപ്പോഴാണ് കേരള മുസ്‌ലിം നവോത്ഥാനത്തിനു വളരെ ചെറിയ തോതിലാണെങ്കിലും ഗുണകരമായിത്തീർന്ന രണ്ടു കാര്യങ്ങൾ ഓർമ വരുന്നത്. കോഴിക്കോട് ഗണപതി ഹൈസ്കൂളിന്റെ മാനേജർ സർവോത്തമറാവുവിന് സാഹിബിനോട് സ്നേഹവും ബഹുമാനവുമായിരുന്നു. ജെ.ഡി.റ്റിയിൽനിന്ന് വരുന്നവരടക്കം പരമദരിദ്രരായ മുസ്‌ലിം കുട്ടികൾ ഫീസിന്റെ കാൽഭാഗം അടച്ചാൽ മതിയെന്ന സാഹിബിന്റെ നിർദേശം ആ സ്കൂൾ മാനേജർ അംഗീകരിച്ചു. അക്കാലത്ത് ഹൈസ്കൂളിൽ പഠിക്കണമെങ്കിൽ ഫീസ് കൊടുക്കേണ്ടിയിരുന്നു. രണ്ട്, തെക്കെ മലബാറിലെ മാപ്പിളമാരെ നിയമദൃഷ്ട്യാ അർധ ക്രിമിനൽ സമൂഹമാക്കിയിരുന്ന മാപ്പിളാ ഔട്ട് റേജ്യസ് റദ്ദ് ചെയ്യിപ്പിച്ചത് അബ്ദുർറഹ്മാൻ സാഹിബാണ്.

ഒരിക്കൽ കൂടി ചരിത്രകാരൻ പി.എ സെയ്തു മുഹമ്മദിനെ ഉദ്ധരിക്കട്ടെ: "വാൾട്ടയറെപ്പോലെ ധീരനും ബർക്കിനെപ്പോലെ പ്രതാപവാനുമായ മുഹമ്മദ് അബ്ദുർറ്മാൻ നടന്നുപോയ കാലൊച്ചകൾ എന്നും തലമുറകൾക്ക് ആവേശം നൽകും."